(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സ്വാശ്രയ സ്കൂളുകൾ വാങ്ങാൻ അനുവദിച്ചിട്ടുള്ള ഫീസ്

108 (1418) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. മുരളി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ സ്കൂളുകളാണുള്ളത് ;

(ബി) സ്വാശ്രയ സ്കൂളുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും വാങ്ങാവുന്ന ഫീസ് എത്രയെന്ന് തീരുമാനിക്കുന്നതിനുള്ള അധികാരം ഗവൺമെന്റിനുണ്ടോ ;

(സി) എങ്കിൽ ഇപ്പോൾ സ്വാശ്രയ സ്കൂളുകൾ വിദ്യാർത്ഥികളിൽ നിന്ന് വാങ്ങാനനുവദിച്ചിട്ടുള്ള ഫീസ് എത്രയെന്ന് പറയുമോ ?

ഉത്തരം

(എ) 500 അംഗീകൃത അൺ എയ്ഡഡ് (സ്വാശ്രയ) സ്കൂളുകളുണ്ട്. കൂടാതെ എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളോട് അനുബന്ധിച്ച് 331 അൺ എയ്ഡഡ് പ്ലസ്ടു സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികളിൽ നിന്ന് പ്രതിവർഷം 1333 രൂപയും 8 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളിൽ നിന്ന് പ്രതിവർഷം 2000 രൂപയും ഫീസിനത്തിൽ ഈടാക്കാൻ അനുവദിച്ചിട്ടുണ്ട്. പ്രതിമാസ ട്യൂഷൻ ഫീസ് ഉൾപ്പെടെ എല്ലാ ഫീസുകളും ഉൾപ്പെടെയുള്ള നിരക്കാണിത്. അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ട്യൂഷൻ ഫീസായി പ്രതിമാസം 500 രൂപയും മറ്റ് ഫീസുകളായി പ്രതിവർഷം 1000 രൂപയും തിരിച്ചു കൊടുക്കാവുന്ന കോഷൻ ഡെപ്പോസിറ്റായി 1000 രൂപയും വാങ്ങുന്നതിന് അനുവദിച്ചിട്ടുണ്ട്.

അൺ എയ്ഡഡ് സ്കൂളുകൾ എയ്ഡഡ് സ്കൂളുകളായി ഉയർത്തിയ നടപടി

109 (1419) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി വിദ്യാലയങ്ങൾ ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly